## പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2004 — 17.03.2015 ന് മറുപടിയ്ക്ക്.

**<u>വനാതിർത്തിയിലെ കൊള്ളക്കാരും തീവ്രവാദികളും</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) അഗസ്ത്യവനത്തിലും കേരളത്തോട് അതിർത്തി പങ്കിടുന്ന ഭാഗങ്ങളിലും കൊള്ളക്കാരും പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെയുള്ളവരും തമ്പടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) നെയ്യാർ, പേപ്പാറ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് എന്നീ വന്യജീവി സങ്കേതങ്ങളിൽ ഉൾക്കൊള്ളുന്ന 'ആന നിരത്തി' പോലുള്ള സ്ഥലങ്ങളിൽ ആദിവാസി കേന്ദ്രങ്ങളുടെ സഹായത്തോടെ ഒളിജീവിതം നടത്തുന്ന കൊള്ളക്കാരേയും, തീവ്രവാദികളേയും പിടികിട്ടാപ്പുള്ളികളേയും കസ്റ്റഡിയിൽ എടുക്കുവാൻ വനം വകുപ്പുകാരോ, പോലീസുകാരോ ശ്രദ്ധിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 'ആന നിരത്തി'യിലോ, അതുപോലുള്ള അതിർത്തി പ്രദേശങ്ങളിലോ ആദിവാസി കേന്ദ്രങ്ങളുടെ സഹായത്തോടെ കൊള്ളക്കാരോ, തീവ്രവാദികളോ പിടികിട്ടാപ്പുള്ളികളോ ഒളിജീവിതം നടത്തുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ അന്തർസംസ്ഥാന ചന്ദനവേട്ട സംഘത്തിലെ നാലുപേരെ 13.11.2014-ന് ആന നിരത്തി എന്ന സ്ഥലത്ത് വനംവകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. നെയ്യാർ വന്യജീവി സങ്കേതത്തോട് ചേർന്നു കിടക്കുന്ന തമിഴ്നാട് സംസ്ഥാനത്തിൽപ്പെട്ട കളിയൽ ഫോറസ്റ്റ് റെയിഞ്ചിൽ നിന്നും ചന്ദനം മുറിച്ചതുമായി ബന്ധപ്പെട്ട കേസിലാണ് ഇവരെ അറസ്റ്റ് ചെയ്തത്. |
| (സി) അടിയന്തിരമായി കൊള്ളക്കാരെയും തീവ്രവാദികളേയും പിടികിട്ടാപ്പുള്ളികളേയും കസ്റ്റഡിയിൽ എടുക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) വനംകൊള്ള മൃഗവേട്ട എന്നിവ തടയുന്നതിനും യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുമുള്ള സ്ഥിരം സംവിധാനം വനം വകുപ്പിൽ നിലവിലുണ്ട്. അവയുടെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടന്നുവരുന്നു. കുറ്റവാളികളെ യഥാസമയംതന്നെ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ